**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1248** **10-10-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ സംസ്ഥാന, ദേശീയപാത പാതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ സംസ്ഥാന, ദേശീയപാതകൾ പൂർണ്ണമായി ഉപരിതലം പുതുക്കിയിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കാമോ; | (എ) | **നിരത്തുകൾ**<br><br>കാസർഗോഡ് ജില്ലയിൽ നിരത്തുകൾ വിഭാഗത്തിന്റെ കീഴിൽ 4 സംസ്ഥാന പാതകളാണ് ഉള്ളത്. വിശദാംശങ്ങൾ ചേർക്കുന്നു.<br><br>1. കല്ലടുക്ക-ചെർക്കള റോഡ് (SH31) 23/277 മുതൽ 52/194 (അടുക്കസ്ഥല മുതൽ ചെർക്കള) വരെ - ഇതിൽ കാസർഗോഡ് നിരത്തു വിഭാഗത്തിന്റെ കീഴിൽ 23/277 മുതൽ 32/827 (അടുക്കസ്ഥല മുതൽ ഉക്കിനടുക്ക) വരെയുള്ള റീച്ചിൽ 2021-ൽ ഉപരിതലം പുതുക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ് .അവശേഷിക്കുന്ന 32/827 മുതൽ 52/199 (ഉക്കിനടുക്ക മുതൽ ചെർക്കള) വരെയുള്ള റീച്ചിൽ നവീകരണ പ്രവൃത്തി കെ.ആർ.എഫ്.ബി വിഭാഗത്തിന്റെ കീഴിൽ പുരോഗമിക്കുകയാണ്.<br><br>2. ചെർക്കള-ജാൽസൂർ റോഡ് (SH55) കി.മി. 0/000 മുതൽ 39/138 വരെ- ഈ റോഡിലെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി പൂർണ്ണമായും പൂർത്തിയാക്കിയത് 2013-ൽ ആണ്.<br><br>3. ഹോസ്ദുർഗ്ഗ്-പാണത്തൂർ റോഡ് (SH56) കി.മി. 0/000 മുതൽ 44/175 വരെ- ഈ റോഡിൽ ഉപരിതലം പൂർണ്ണമായും പുതുക്കിയത് 2012 വർഷത്തിൽ ആണ്.<br><br>4. കാസർഗോഡ് -കാഞ്ഞങ്ങാട് റോഡ് (SH57) കി.മി. 0/000 മുതൽ 29/500 വരെ- ഈ റോഡിൽ ഉപരിതലം പൂർണ്ണമായും പുതുക്കിയത് 2018 വർഷത്തിൽ ആണ്.<br><br>**ദേശീയപാത**<br><br>കാസർഗോഡ് ജില്ലയിൽ പൊതുമരാമത്തു വകുപ്പ് ദേശീയപാത വിഭാഗത്തിന് കീഴിൽ നിലവിൽ |

| | | | |
|---|---|---|---|
| | | | റോഡുകൾ ഒന്നും തന്നെയില്ല. ദേശീയപാത 66 നിലവിൽ NHAI ക്ക് ഇന്ത്യാ ഗവൺമെന്റിന്റെ 12-05-2020 തീയതിയിലെ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ S.O 1506 (E) & S.O 1507 (E) പ്രകാരം കൈമാറി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാതകളിൽ ഇപ്പോൾ രൂപപ്പെട്ട ഗർത്തങ്ങളിൽ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും, ഉപരിതലം പുതുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | **നിരത്തുകൾ**<br><br>ചെർക്കള-ജാൽസൂർ റോഡ് OPBRC പാക്കേജ് IV ലും കാസർഗോഡ് കാഞ്ഞങ്ങാട് റോഡ് OPBRC പാക്കേജ് V ലും ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.<br><br>ഹോസ്ദുർഗ്ഗ് -പാണത്തൂർ സ്റ്റേറ്റ് ഹൈവേയിൽ കി.മീ. 24/000 മുതൽ 42/000 വരെ കെ.ആർ.എഫ്.ബിയുടെ കീഴിൽ ഉപരിതലം പുതുക്കുന്ന പ്രവൃത്തി നടന്നുവരികയാണ്.<br><br>**നിരത്ത് പരിപാലന വിഭാഗം**<br><br>നിലവിൽ അറ്റകുറ്റപ്പണികൾക്കായി 14.50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള ചെർക്കള-ജാൽസൂർ റോഡ് കി. മീ 0/000 മുതൽ 1/000 വരെയും കി. മീ. 10/000 മുതൽ 16/000 വരെയുമുള്ള പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>**കെ.ആർ.എഫ്.ബി - പി.എം.യു**<br><br>കാസർഗോഡ് ജില്ലയിൽ സംസ്ഥാന പാതകളിൽ നവീകരണത്തിനായി കെ ആർ എഫ് ബിക്ക് കൈമാറിയ ഭാഗങ്ങളിൽ ഗർത്തങ്ങൾ രൂപപ്പെട്ട് വാഹനങ്ങൾ അപകടത്തിൽപ്പെട്ടത് റിപ്പോർട്ട് ചെയ്തിട്ടില്ല. കെ.ആർ.എഫ്.ബിക്ക് കൈമാറിയ ഭാഗങ്ങളിൽ ഉപരിതലം പുതുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയത് പട്ടിക രൂപത്തിൽ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | ചെർക്കളം-ജാൽസൂർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | **നിരത്തുകൾ**<br><br>ചെർക്കള-ജാൽസൂർ റോഡ് OPBRC പാക്കേജ് IV ൽ ഉൾപ്പെടുത്തി KSTP മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെർക്കള - ജാൽസൂർ റോഡ് പ്രവൃത്തിയുടെ 75 ലക്ഷം രൂപയുടെ RC എസ്റ്റിമേറ്റ് നിലവിൽ നിരത്ത് വിഭാഗം മുഖേന തയ്യാറാക്കിയിട്ടുണ്ട്.<br><br>**കെ.ആർ.എഫ്.ബി- പി.എം.യു** |

| | | | |
|---|---|---|---|
| | | | ചെർക്കള ജാൽസൂർ സംസ്ഥാനപാതയിൽ ചേവാർ എടപ്പറമ്പ മലയോരപാതയുടെ ഭാഗമായി വരുന്ന കി.മീ.16/000 മുതൽ 22/000 വരെയുള്ള ഭാഗമാണ് കെ.ആർ.എഫ്ബി.ക്ക് കൈമാറിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്ക് മലയോരഹൈവേയിൽ ഉൾപ്പെടുത്തി GO(Rt)No.942/2017 /PWD dated 10/07/2017 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഭാഗത്തെ നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ ചേവാർ എടപറമ്പ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1 കെ.ആർ.എഫ്.ബി. - പി.എം.യു**

| ക്രമ നമ്പർ | സംസ്ഥാന പാത | കെ.ആർ.എഫ്.ബി പ്രവൃത്തിയുടെ പേര് | ഭരണാനുമതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| **1** | ഹൊസ്ദുർഗ്ഗ് പാണത്തൂർ റോഡ് | ഹൊസ്ദുർഗ്ഗ് പാണത്തൂർ റോഡ് **24/00** മുതൽ **41/538** വരെ | GO(Rt) No.1192/2016/PWD Dated: 20/08/2016<br>Amount **35**Cr | പ്രവൃത്തി പുരോഗമിക്കുന്നു. |
| **2** | ചെർക്കള – ജാൽസൂർ | ചേവാർ - എടപറമ്പ കി.മീ. **16/000** മുതൽ **22/000** വരെ | GO(Rt)No.942/2017/PWD dated 10/07/2017<br>Amount 3500Cr – മലയോര ഹൈവേ | പ്രവൃത്തി പുരോഗമിക്കുന്നു |
| **3** | കല്ലിട്ടുക്ക – ചെർക്കള റോഡ് | ഉക്കിനടുക്ക – പെർള | GO(Rt)No.1502/2016/PWD - Dated: 01/11/2016<br>Amount.**10**.00Cr. | പൂർത്തീകരിച്ചു. |
| | | കല്ലട്ടുക്ക – ചെർക്കള റോഡ് കി.മീ.**33/00** മുതൽ **52/194** വരെ | GO(Rt)No.1502/2016/PWD -01/11/2016<br>Amount.20.00Cr. | DBM പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതി ഫോർക്ലോസ്സ് ചെയ്തിട്ടുണ്ട്. ബാലൻസ് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |